**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മാള ബ്ലോക്ക് പഞ്ചായത്ത് - ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള WP(C).202/19/12 – കേസ് തീർപ്പാക്കുന്നതിലേക്കായി പ്രത്യേക അഭിഭാഷകനെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1443/14/തസ്വഭവ തീയതി, തിരുവനന്തപുരം, 09.06.2014

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 01.04.2014 ലെ 6362/ഡി.പി.5/2014/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

മാള ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സി.എച്ച്.സി.യിൽ തുടങ്ങിയ സ്വാശ്രയലാബിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലും ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ 02.07.2006 ലെ ഇ.എഫ്.2/43708/08/HDD സർക്കുലറിൽ നിർദ്ദേശിച്ച യോഗ്യതകളുടെ അഭാവത്തിലും നിലവിലുണ്ടായിരുന്ന ലാബ് ടെക്നീഷ്യനായ ശ്രീമതി.ഗീത രഘുനാഥിനെ പിരിച്ചു വിടുന്നതിന് 10.08.2012 ൽ നോട്ടീസ് നൽകിയതിനും ലാബ് അടച്ചുപൂട്ടി ഉപകരണങ്ങൾ ആശുപത്രി സൂപ്രണ്ടിന് കൈമാറുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 22.05.2012 ൽ തീരുമാനിക്കുകയും ചെയ്ത നടപടിക്കെതിരെ ജീവനക്കാരി ശ്രീമതി. ഗീത രഘുനാഥ് ഹൈക്കോടതിയിൽ പരാതി നൽകുകയും ടി നടപടി സ്റ്റേ ചെയ്യുകയും ചെയ്തതായും എന്നാൽ ആശുപത്രിയുടെ വികസനാർത്ഥം ആ കോമ്പൗണ്ടിലുള്ള ലാബ് കെട്ടിടം ഉൾപ്പെടെയുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടത്തുന്നതിന് പ്രത്യേക അഭിഭാഷകനെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള WP(C).202/19/12 ന്റെ നടത്തിപ്പിനായി പ്രത്യേക അഭിഭാഷകനെ ചുമതലപ്പെടുത്തുന്നതിന് മാള ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
രാമൻകുട്ടി സി.,<br>
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, മാള.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ